ഭരണഭാഷ-മാതൃഭാഷ

# ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം

(ഹാജർ : എൻ.പത്മകുമാർ, ഐഎഎസ്)

എൽആർഇ(7)-38000/2016 തീയതി :26-12-2016

********************************************************************************

വിഷയം : ജീവനക്കാര്യം- എച്ച്സി/ആർ ഐ തസ്തികയിലേക്ക് പ്രൊമോഷൻ നൽകി ഉത്തരവാകുന്നത്- സംബന്ധിച്ച്

വായന
1. ജി.ഒ.(പി) നം.601/85/ആർ.ഡി തീയതി 12.06.1985 പ്രകാരമുള്ള കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവീസ്സ്പെഷ്യൽറൂൾ,1985
2. ജിഒ(പി)7/2016/ഫിൻ തീയതി 20.01.2016
3. ഈ കാര്യാലയത്തിലെ 16.04.2011ലെ എൽ ആർ റ്റി(3)-2003/2011(2) എന്ന നടപടിക്രമം
4. ഈ കാര്യാലയത്തിലെ 30.09.2013ലെ എൽ ആർ റ്റി(3)-5050/2009എന്ന നടപടിക്രമം
5. ഈ കാര്യാലയത്തിലെ 28.09.2016ലെ എൽ ആർഇ(7)-38000/16 നമ്പർ നടപടിക്രമം
6. ഈ കാര്യാലയത്തിലെ 06.08.2016ലെ എൽ ആർഇ(7)-3201/16 നമ്പർ നടപടിക്രമം
7. ഈ കാര്യാലയത്തിൽ നിന്നുള്ള 17.08.2016ലെ എൽ ആർഇ(7)-3201/16 നമ്പർ സർക്കുലർ
8. ഈ കാര്യാലയത്തിലെ 24.12.2016ലെ എൽ ആർഇ(7)-38000/16 നമ്പർ നടപടിക്രമം

പത്താം ശമ്പളപരിഷ്ക്കരണഉത്തരവനുസരിച്ച് വില്ലേജാഫീസർ തസ്തികയ്ക്ക് 29200-62400 എന്ന ശമ്പളസ്കെയിലും എച്ച്സി/ആർഐ തസ്തികയ്ക്ക് 27800- 59400 എന്ന ശമ്പളസ്കെയിലും നിശ്ചയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽ അതനുസരിച്ച് നിലവിലുള്ള എച്ച്സി/ആർഐ/വിഒ തസ്തികയെ വിഭജിച്ച് വില്ലേജാഫീസർ തസ്തികയെ പ്രത്യേകമാക്കി ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ല. ടി നടപടി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ നിലവിൽ നൽകിയ താൽക്കാലിക പ്രൊമോഷനുകൾ റഗുലറൈസ് ചെയ്യാനും എച്ച്സി/ആർഐ തസ്തികയിൽ നിന്നും സീനിയോരിറ്റി ക്രമമനുസരിച്ച് പ്രമോഷൻ നൽകി വില്ലേജാഫീസർമാരെ നിയമിക്കാനും സാധിക്കുകയുള്ളൂ. ടി പ്രക്രിയ പൂർണ്ണമാകുന്നത് വരെ കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളനുസരിച്ചുള്ള എച്ച്സി/ആർഐ/വിഒ തസ്തികകളിൽ ഏത് തസ്തികയിലേക്കും നിയമിക്കുന്നതിന് തടസ്സമില്ലാത്തതാണ്. ഈ വസ്തുത പരിഗണിച്ച് കൊണ്ടും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനും ഭരണസ്തംഭനം ഒഴിവാക്കുന്നതിനും നിലവിൽ ഉള്ള എച്ച്സി, ആർഐ , വില്ലേജാഫീസർ തസ്തികകളിലെ ഒഴിവുകൾ നികത്തേണ്ടത് അത്യാവശ്യമാണെന്ന് കണ്ട് വായന (3),(4) എന്നിവ പ്രകാരമുള്ള യുഡിസി/എസ്വിഒ-മാരുടെ സംസ്ഥാനതല അന്തിമ സീനിയോരിറ്റി ലിസ്റ്റുകളിലുൾപ്പെട്ട പ്രൊമോഷന്

അർഹരായവരും വായന(8) പ്രകാരമുള്ള നടപടിക്രമത്തിൽ ഉൾപ്പെടേണ്ടിയിരുന്നവരുമായ ജീവനക്കാരെ ചുവടെ ചേർത്ത പ്രകാരം 24.12.2016 പ്രാബല്യത്തിൽ കെഎസ്&എസ്എസ്ആർ റൂൾ 31 പ്രകാരമുള്ള താൽക്കാലികപ്രമോഷൻ നൽകി എച്ച്സി/ആർഐ തസ്തികയിലേക്ക് 27800-59400 എന്ന ശമ്പളസ്കെയിലിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമനമ്പർ | സീനിയോരിറ്റി നമ്പർ | പേര് | നിലവിൽ ജോലി നോക്കി വരുന്ന ജില്ല | പ്രൊമോഷൻ നൽകി മാറ്റി നിയമിക്കുന്ന ജില്ല |
|---|---|---|---|---|
| 1. | 11430 | ജെന്നിഫർ വർഗീസ് | കണ്ണൂർ | കാസറഗോഡ് |
| 2. | 11431 | അബ്ദുൾ കരീം | കണ്ണൂർ | കാസറഗോഡ് |
| 3. | 11432 | ഷിബു ജോസഫ് | കാസറഗോഡ് | കാസറഗോഡ് |

ബന്ധപ്പെട്ട ജില്ലാ കലക്ടർമാർ / ഓഫീസ് മേധാവികൾ ടി ജീവനക്കാരെ 31.12.2016നകം വിടുതൽ ചെയ്തും അനുയോജ്യമായ നിയമനം നൽകിയും വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഒപ്പ്
ജോയിന്റ് കമ്മീഷണർ

ബന്ധപ്പെട്ട ജീവനക്കാർക്ക്
പകർപ്പ്:
1) ജില്ലാ കലക്ടർമാർക്കും / ഓഫീസ് മേധാവികൾക്കും
2) ഡയറക്ടർ, സർവ്വേ & ലാൻഡ് റിക്കാഡ്സ്
3) സൂപ്രണ്ട്, സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ
4) സെക്രട്ടറി, ലാൻഡ് ബോർഡ്
5) ഡെപ്യൂട്ടി കലക്ടർ, വിജിലൻസ് സൗത്ത് സോൺ
6) അസിസ്റ്റന്റ് കമ്മീഷണർ (ആർഇ)
7) അസിസ്റ്റന്റ് കമ്മീഷണർ (സീനിയോരിറ്റി സെൽ)
8) കമ്മീഷണറുടെ സി.എ/ ജോയിന്റ് കമ്മീഷണറുടെ സി.എ
9) സൂപ്രണ്ട് (ഇ/ജി/റ്റി)
10)സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

valsalakumari

സൂപ്രണ്ട്